(ബി) നാല് കമ്മീഷനുകൾ റിപ്പോർട്ടു നൽകി.

(സി) ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ.

ഗവൺമെന്റ് ഫാമുകളിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ

* 160. ശ്രീ. എം. കെ. കേശവൻ :
,, കെ. ഇ. ഇസ്മയിൽ :
,, വി. കെ. രാജൻ :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റുടമയിലുള്ള എത്ര ഫാമുകൾ ഉണ്ട് ;

(ബി) ഈ ഫാമുകളിലെ തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾ ഏറ്റവും ഒടുവിലായി പുതുക്കിയത് എന്നാണെന്നു വ്യക്തമാക്കുമോ ;

(സി) സർക്കാർ ഫാമുകളിലെ തൊഴിലാളികളുടെ ശമ്പളം പരിഷ്കരിക്കുന്നതിന് ഗവൺമെന്റ് നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് എന്നാണ് ലഭിച്ചത് ;

(ഡി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശമ്പളം പരിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ ;

(ഇ) ഒരേ ജോലിക്ക് സ്ത്രീയും പുരുഷനും വ്യത്യസ്ത ശമ്പളനിരക്കുകൾ നിശ്ചയിക്കാതെ തുല്യശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ കീഴിൽ 91 ഫാമുകൾ ഉണ്ട്.

(ബി) 4-6-1979-ൽ

(സി) 18-10-1985-ൽ

(ഡി) ഇല്ല. റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള സേവന വേതന വ്യവസ്ഥകളും അതുമൂലം ഗവൺമെന്റിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകളും മറ്റും സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) ഒരേ ജോലിക്ക് സ്ത്രീക്കും പുരുഷനും ഒരേ ശമ്പളം നൽകണമെന്ന കാര്യം ഇപ്പോൾ തന്നെ ചില നിബന്ധനകൾക്കു വിധേയമായി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly